മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫൈനാൻസ് കാർപ്പറേഷൻ സ്ഥാപിച്ചതിനുശേഷം 33 വ്യവസായങ്ങൾക്ക് ലോൺ അനുവദിച്ചു കൊടുത്തിട്ടുണ്ട്.

(ബി) കടംകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരുവിവരം രഹസ്യമായി കരുതേണ്ടതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

(സി) തക്ക വിലപിടിപ്പുള്ള ജാമ്യത്തിന്മേലല്ലാതെ വായ്പ കൊടുത്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ: പാറയ്ക്ക പിലപിടിപ്പുള്ള സ്വത്തുക്കൾ ജാമ്യം കൊടുക്കാതെയാണ് ചില വ്യവസായങ്ങൾക്ക് വായ്പ കൊടുത്തിട്ടുള്ളതെന്ന് പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിനു ഞാൻ മുൻപു മറുപടി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. കുഞ്ഞൻ: ചില വ്യവസായങ്ങൾക്ക് വലിയ തുക വായ്പയായി കൊടുത്തിരിക്കുന്നതു തക്ക ജാമ്യത്തിന്മേലാണോ അല്ലയോ എന്നു് അന്വേഷിക്കാൻ ഗവണ്മെൻറിനു് അധികാരമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫിനാൻസ് കാർപ്പറേഷനെ സംബന്ധിച്ചിടത്തോളവും പറയാനുള്ളതു്, അതു് ഒരു സ്റ്റാറ്റ്യൂട്ടറിയായി പ്രവർത്തനം നടത്തുന്ന ഒരു അട്ടാണമസ് ബോഡിയാണ്. അതു സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവണ്മെൻറ് ഇടപെടണമെങ്കിൽ അതിലേക്കുള്ള നിയമങ്ങൾ മാറ്റി എഴുതണം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: വായ്പ വാങ്ങിയിട്ടുള്ള വ്യവസായങ്ങളുടേയോ വ്യക്തികളുടേയോ പേരു് രഹസ്യമായി വയ്ക്കാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വെളിയിൽ പറയാതിരിക്കുന്നതു ഒരു കമേഷ്യൽ ടാക്ട് ആണ്.

ശ്രീ. പി. കുഞ്ഞൻ: ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷൻ സംബന്ധിച്ചു് ധാരാളം പണം ചെലവായിക്കൊണ്ടിരിക്കുന്നെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യയിലുള്ള മറ്റേതൊരു ഫിനാൻസ് കാർപ്പറേഷനേക്കാളും ഏറ്റവും മിതവ്യയത്തോടുകൂടി പ്രവർത്തനം നടത്തുന്ന ഒരു കാർപ്പറേഷനാണ് ഇതെന്നു് മദ്രാസിലെ ഒരു ലീഡിംഗ് പത്രംതന്നെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്.

Unemployment Problem.

* 390 [17] †SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(*a*) whether the Government have collected statistics regarding the range, scope and intensity of the unemployment problem in the State; and

†As the member was absent, the question was put by Shri Prakulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(*b*) the steps that are to be taken under the Second Five Year Plan for tackling the unemployment problem?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) A survey of unemployment was conducted in the State under the auspices of the Research Programmes Committee of the Planning Commission, Government of India. The data collected have not yet been published, but some figures from the report on the survey have been used in the plan.

(*b*) Schemes having high employment potential are included in the Second Five Year Plan. A provision of Rs. 4·76 lakhs is also included for participation in the Government of India's scheme on Man Power and Employment (better organisation of employment exchanges).

ശ്രീ. പ്രാക്കുളം ഭാസി: ഈ കാര്യം സംബന്ധിച്ച് പ്രൊഫസർ ശിവരാമപിള്ള നടത്തിയിട്ടുള്ള സർവ്വേയുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പ്ലാനിംഗ് കമ്മീഷന്റെ ആവശ്യത്തിലേക്കുവേണ്ടി നടത്തിയിട്ടുള്ള സർവ്വേയാണ്. അതിന്റെ റിപ്പോർട്ട് ഗവണ്മെന്റിന്റെ കൈവശം ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അതു പ്രസിദ്ധപ്പെടുത്തുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചിക്കാം.

ശ്രീ. എ. താണുപിള്ള: ഇതുവരെ പ്രസിദ്ധപ്പെടുത്താത്തതെന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരം പ്ലാനിംഗ് കമ്മീഷനുവേണ്ടി നടത്തിയിട്ടുള്ള ഒരു സർവ്വേ ആയിരുന്നതുകൊണ്ടാണ് ഇതുവരെ പ്രസിദ്ധപ്പെടുത്താതെയിരുന്നതു്.

യാത്രക്കാരുടെ പരാതികൾ.

* 391. [18] ശ്രീ. പി. എം. മക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ ട്രാൻസ്പോർട്ട് ബസ്സുകളിലെ യാത്രക്കാരിൽ നിന്നും എത്ര പരാതികൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ പരാതിക്കാർ ഏതെല്ലാമാണെന്നും പരാതികളുടെ സ്വഭാവം എന്താണെന്നും പറയാമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): വിവരങ്ങൾ അടങ്ങിയ ഒരു † സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

† Please see Appendix II,

LIBRARY ARCHIVES Kerala Legislative Assembly